


എറണാകുളം മിസ്സം

Vol. II. ൧൯൨൩. No. 2.

വിഷയ വിവരം.

		പക്ഷം.
൧.	എറണാകുളം മിസ്സം വക പുസ്തകശാല	൨൩൬
൨.	റഷ്യൻ ക്ഷാമനിവാരണപ്പിരിവ്	൨൩൯
൩.	കിഴക്കൻപള്ളികളിലേക്കുള്ള തിരുസൈത്ത്	»
൪.	സ്ഥലംമാറ്റങ്ങൾ	൨൪൦
൫.	വിസീത്ത പ്രോഗ്രാം	»
൬.	സുവക്കേടിന്റെ വിവരം എപ്പോഴാണ് അച്ചനെ അറീക്കേണ്ടതു്	൨൪൧
൭.	എറണാകുളം മിസ്സത്തിലെ പേദപ്രചാര സംഘം	൨൪൨

എറണാകുളം മിസ്സൻ.

Vol. II. ഫൻവരി. No. 2.

Ernakulam Diocesan Library.

എറണാകുളം മിസ്സംവക പുസ്തകശാല.

:o:

ഈ മിസ്സത്തിലുള്ള വൈദികക്കും അൽമെനികൾക്കും ഉപയോഗപ്പെടണമെന്നുള്ള ഉദ്ദേശത്തോടുകൂടി ഒരു പുസ്തകശാല രൂപീകരിച്ചിരിക്കുന്നു. ആരംഭിച്ചിട്ടുള്ളുയെങ്കിലും ഇപ്പോൾതന്നെ ഈ പുസ്തകശാലയിൽ കുറെ വളരെ നല്ല പുസ്തകങ്ങൾ ശേഖരിച്ചിട്ടുണ്ട്. ഇവകൂടാതെ വേദസംബന്ധമായും സമുദായസംബന്ധമായും ഉള്ള വിഷയങ്ങളെപ്പറ്റി എഴുതപ്പെട്ടിട്ടുള്ള അനേകം ലഘുലേഖകളും ഉണ്ട്. ഇതിൻപുറമെ അമേരിക്കയിൽനിന്നും ഇംഗ്ലണ്ടിൽനിന്നും ഒട്ടധികം കത്തോലിക്കാപത്രങ്ങളും വിശേഷതരം ചിത്രങ്ങളോടുകൂടിയ മാസികകളും കിട്ടിവരുന്നുമുണ്ട്. ഈ മാസികകളും പത്രങ്ങളും ഇവിടെനിന്നും ഫൊറോനാവികാരിമാർപക്കൽ കുറേശ്ശെ എടുപ്പിക്കയും അവിടെനിന്നും അടുത്ത പള്ളിയിൽ എത്തിക്കയും, അവിടത്തെ ആവശ്യം കഴിയുമ്പോൾ അതിന്നടുത്ത പള്ളിയിൽ വഴിപ്പിക്കയും ഇങ്ങിനെ ക്രമമായി ഈ ഫൊറോനായിലുള്ള പള്ളികളിൽ എല്ലാം ചെന്നു കഴിയുമ്പോൾ അവ വീണ്ടും ഫൊറോനാവികാരിയുടെപക്കൽ വരികയും അവിടെനിന്നും പുസ്തകശാലയിൽ എത്തിക്കയും ചെയ്യത്തക്കവണ്ണം വഴിപ്പാടു ചെയ്യണമെന്നാണ് നിശ്ചയിച്ചിട്ടുള്ളതു്. ആവശ്യപ്പെടുന്നവക്കു പുസ്തകങ്ങളും മറും ഇവിടെനിന്നു നേരിട്ടും കൊടുക്കുന്നതാകുന്നു. പത്രങ്ങളും മാസികകളും എല്ലാംതന്നെ ഇംഗ്ലീഷ്ഭാഷയിൽ ഉള്ളവയും കത്തോലിക്കരെ സംബന്ധിക്കുന്ന ലേഖനങ്ങളും വർത്തമാനങ്ങളും അടങ്ങീട്ടുള്ളവയുമായിരിക്കും.

ഈ രാജ്യത്തിന്റെയും കാലത്തിന്റെയും സ്ഥിതിക്ക് ഇംഗ്ലീഷ്ഭാഷ നല്ല പോലെ അറിഞ്ഞിരിക്കുന്നതു എത്ര പ്രയോജനകരമായിട്ടുള്ളതാണെന്നു പ്രത്യേകം പറയണ്ട ആവശ്യമില്ല. ഈ പത്രങ്ങളും മാസികകളും സാധാരണ വായിച്ചുകൊണ്ടിരുന്നാൽ നമ്മുടെ വേദസംബന്ധമായ സംഗതികളിലും ഇംഗ്ലീഷ് ഭാഷയിലും കൂടുതൽ ജ്ഞാനം സമ്പാദിക്കാവുന്നതാണ്.

ഈ മിസ്സത്തിലുള്ള കത്തോലിക്കാവായനശാലകളിലും ഈ മാസികകളും പത്രങ്ങളും എത്തിച്ചുകൊടുക്കണമെന്നാണ് വിചാരിക്കുന്നതു്. ഏതെങ്കിലും പള്ളിയിൽ പത്രങ്ങൾ വന്നാൽ അവിടത്തെ ബ. വികാരി അച്ചന്റെയൊ ബ. അസിസ്റ്റന്തി അച്ചന്റെയൊ ആവശ്യം കഴിഞ്ഞാൽ അവിടെവായനശാലകൾ ഉണ്ടെങ്കിൽ വായനശാലക്കാർക്കും അൾമേനികളിൽ ഈ പത്രങ്ങൾ വായിക്കണമെന്നു താല്പര്യമുള്ളവരുണ്ടെങ്കിൽ അവർക്കും വാങ്ങി ഉപയോഗിക്കാവുന്നതാണ്. പുസ്തകശാലയിൽനിന്നു പുസ്തങ്ങൾ കൊണ്ടുപോയി ഉപയോഗിക്കുന്നതിനൊ പത്രങ്ങൾ പതിവായി വാങ്ങി വായിക്കുന്നതിനൊ യാതൊരു പ്രതിഫലവും കൊടുക്കേണ്ടതായിട്ടില്ല. ഇവിടെയുള്ള പുസ്തകങ്ങളുടെയും ലഘുലേഖകളുടെയും അച്ചടിച്ച ഒരു ലിസ്റ്റ് എല്ലാ പള്ളികളിലേക്കും അയച്ചുകൊടുക്കുന്നതാണ്. കൂടുതലായി ചേർക്കുന്ന പുസ്തകങ്ങളുടെയും ലിസ്റ്റ് ആണ്ടുതോറും മുൻപറഞ്ഞപോലെതന്നെ അയച്ചുകൊണ്ടിരിക്കും. ഈ ലിസ്റ്റുകൾ നോക്കി പുസ്തകത്തിനു ഇവിടെ ആവശ്യപ്പെടാവുന്നതാണ്. ഇതു സംബന്ധിച്ചുള്ള എഴുത്തുകുത്തുകൾ എല്ലാം താഴെ കാണുന്ന മേൽവിലാസത്തിൽ അയച്ചാൽ മതി.

Librarian,
Ernakulam Diocesan Library,
Bishop's house,
Ernakulam.

ലൈബ്രേറിയൻ,
എറണാകുളം മിസ്സംവക വായനശാല,
മെത്രാസനാരമന,
എറണാകുളം.

എറണാകുളം,
13-3-1923.

എന്നു,
വയ്യപ്പള്ളി മത്തായി കു,
സെക്രട്ടരി.

റഷ്യൻ ക്ഷാമ നിവാരണപ്പിരിവു്.

റഷ്യായിലെ ക്ഷാമപീഡിതരെ സഹായിക്കുന്നതിനായി ഈ മിസ്സത്തിൽനിന്നു പിരിഞ്ഞുകിട്ടിയ സംഖ്യയിൽ ന്യൂനനൂറുപാ രണ്ടുതവണയായി ബഹു. ഉ. ദലഗാതഅപ്പസ്തോലിക്കാവഴി പരിശുദ്ധ സിംഹാസനത്തിലേയ്ക്കു അയച്ചുകൊടുത്തു. അതു അവിടെ കിട്ടിയെന്നും പ്രസ്തുത ധനശേഖരത്തിൽ ഭാഗഭാക്കുകളായ വൈദികർക്കും അൽമേനികർക്കും പരിശുദ്ധപിതാവു ഹൃദയപൂർവകമായ ആശീർവാദം തന്നിരിക്കുന്നുവെന്നും കാണിച്ച തിരുമനസ്സിലെ സ്റ്റേയിറ്റുസെക്രട്ടറി അ. ഉ. ഗസ്പാരികട്ടിനാൾ ഈയാണ്ടുഫെബ്രുവരി ന്യൂ-മാസം എ. പെ. പെ. ബ. മെത്രാനച്ചനു എഴുതി അയച്ചിട്ടുണ്ടു. നാം കൊടുത്തയച്ചതുകൊണ്ടു തൃപ്തിപ്പെട്ടിരിക്കാതെ പലേപ്രകാരത്തിലും കഷ്ടപ്പെട്ടുവലയുന്നവരെ സഹായിപ്പാനായി മേലിലും നാം ഉത്സാഹമുള്ളവരായിരിക്കണമെന്നു ആ എഴുത്തിൽ സൂചിപ്പിച്ചിട്ടുമുണ്ടു. അതിനാൽ ഇതേവരെ യാതൊന്നും അയച്ചുതന്നിട്ടില്ലാത്ത ഇടവകളിൽ നിന്നെങ്കിലും ഉടനെ പിരിവെടുത്തു ഇവിടെ എത്തിച്ചുതരുമെന്നു വിശ്വസിക്കുന്നു.

എറണാകുളം,
ഫെ-നു-വരി.

പയ്യപ്പിള്ളി മത്തായി ക.
സെക്രട്ടരി.

കിഴക്കൻ പള്ളികളിലേക്കുള്ള തിരുസൈത്തു്.

ആരക്കുഴ മൈലക്കൊമ്പു ഡിവിഷനുകളിലുള്ള പള്ളികളിലെ ആവശ്യത്തിനുള്ള തിരുസൈത്തു പുതുതായുണ്ടാക്കീട്ടു ആരക്കുഴപള്ളിയിൽ ചെന്നു വാങ്ങിച്ചുകൊള്ളാവുന്നതാണു്.

കല്പനപ്രകാരം,

എറണാകുളം,
ഫെബ്രുവരി-മാർച്ചു്-ഫെ.

പയ്യപ്പിള്ളി മത്തായി ക.
സെക്രട്ടരി.

സ്ഥലംമാറ്റങ്ങൾ.

൩൰-൨-൨൩. തളിയത്തു ബ. വി. തോമാ ക. അരമനയിൽ പ്രൊക്യുറെ റർ ആയും,
പതിയാമൂല ബ. ഗീവർഗീസു ക. ആലുവാപൈസ്കൂൾ അ സിസ്റ്റൻറു മാനേജരായും,

൨൯-൨-൨൩. എളങ്കുന്നപ്പിഴ ബ. പൌലോസു ക. തുപ്പുണിത്തുറ പള്ളിയു ടേയും,
പുത്തനങ്ങാടി ബ. ഇത്താക്കു ക. വെച്ചൂർ പള്ളിയുടേയും,
മാണിക്കനാമ്പറമ്പിൽ ബ. യൌസേപ്പു ക. കോന്തുരുത്തി പള്ളിയുടേയും,
മണിയങ്കോട്ട ബ. ഗീവർഗീസു ക. പള്ളിപ്പുറത്തു പള്ളിയു ടേയും,
പുത്തരിക്കൽ ബ. മത്തായി ക. ആലങ്ങാട്ടുപള്ളിയുടേയും,
പൈനാടത്തു ബ. യൌസേപ്പു ക. മേലൂർ പള്ളിയുടേയും,

൩൦-൨-൨൩. മണ്ണാറ ബ. ഗീവർഗീസു ക. കാവി പള്ളിയുടേയും വികാരി മാരായും,
മുഞ്ഞേലി ബ. തോമാ ക. തൈയ്യാട്ടുശേരി പള്ളിയുടെ അ സിസ്റ്റെന്തിയായും നിയമിക്കപ്പെട്ടിരിക്കുന്നു.

—••൫൫••—

എ. പ്പെ. പ്പെ. ബ. മെത്രാനച്ചനവർകൾ ഈ മാസം ൨൧-൦൯ മു തൽ ൨൭-ാ൦൯-വരെ ചെങ്ങൽ ബെക്കാവിൽപോയി താമസിക്കുന്നതാണ്. അവിടെനിന്നു ൦൨-൦൯ മടങ്ങി ഇവിടെ വരും. ൨൦-൦൯-കാല ത്തു കിഴക്കൻ പ്രദേശങ്ങളിലേ പള്ളികൾ വിസീത്ത കഴിക്കുന്നതിനായി പോകുന്നതുമാണ്. ഇക്കൊല്ലം സൈത്തു വെഞ്ചരിപ്പു കാഞ്ഞൂർ പള്ളിയിൽ വച്ചായിരിക്കും.

വിസീത്ത പ്രോഗ്രാം.

൧൯-൨൩. ഏപ്രിൽ ൨൦-൦൯- ചൊവ്വാഴ്ച നാലുമണിക്കു മൂവാറുപുഴ പള്ളി.
൨൧ " ൨൨-൦൯- വ്യാഴാഴ്ച " കരിമണ്ണൂർ പള്ളി.
൨൩ " ൨൪-൦൯- ശനിയാഴ്ച " നെയ്യിശ്ശേരി പള്ളി.

ഫൻഡമ്പ മെപ്പിൽ ഫ്രൈഡാംസ് ചൊവ്വാഴ്ച നാലുമണിക്ക കോടിക്കുളം പള്ളി.
" " ഫ്രൈഡാംസ് ബുധനാഴ്ച " മുതലക്കോടം പള്ളി.
" " ഫമ്പഡാംസ് ഞായറാഴ്ച " നാഗപ്പുഴ പള്ളി.
" " ഫരഡാംസ് ചൊവ്വാഴ്ച " മൈലക്കൊമ്പു പള്ളി.
" " ഫവ്യാംസ് ശനിയാഴ്ച " അരിക്കുഴ പള്ളി.

മെയ് പ്രിൽ നാലാംസ് വൈകുന്നേരം അരിക്കുഴയിൽ എത്തി താമസിച്ചു പിറെറ ദിവസം സ്ഥലത്തുള്ള കന്യകാമഠവും സന്ദർശിച്ചു മേയി ഫാംസ് എറണാകുളത്തു മടങ്ങിഎത്തും.

എറണാകുളം,
ഫിബ്രവരി. 1

പയ്യപ്പിള്ളി മത്തായി ക.
സെക്രട്ടരി.

സുഖക്കേടിന്റെ വിവരം എപ്പോഴാണ് അച്ചനെ അറീക്കേണ്ടതു ?

(ഇംഗ്ലീഷിൽ നിന്ന്.)

"ഒരുദിവസം അസുമാനത്തോടുകൂടി ഒരു പെൺകുട്ടി എന്റെ അടുക്കൽവന്നു അവളുടെ സഹോദരനു സുഖമില്ലാത്തതിനാൽ വീട്ടിലേക്കു ചെല്ലുണമെന്നു ആവശ്യപ്പെട്ടു. സുഖക്കേടു കൂടുതലാണൊ എന്നു ചോദിച്ചതിനു രോഗിക്കു ബൊധമില്ലന്നും അധികം താമസിയാതെ മരിച്ചേക്കുമെന്നും പറഞ്ഞു. സുഖക്കേടു തുടങ്ങീട്ടു മൂന്നു മാസത്തോളമായെന്നും അതിന്നിടയിൽ യാതൊരു പട്ടക്കാരനും രോഗിയെകണ്ടിട്ടില്ലന്നും ആ കുട്ടിയിൽനിന്നും ഞാൻ മനസ്സിലാക്കി. ഈ വിവരം എത്രയൊ മുമ്പുതന്നെ അറീക്കേണ്ടതായിരുന്നു. രോഗി ഇപ്പോൾ ബോധമില്ലാതെകിടക്കുന്നു. ഈ ചെറുപ്പക്കാരനു കുമ്പസാരിക്കുന്നതിന്നു സാധിച്ചിട്ടില്ല. ഒടുവിലത്തെ ഒപ്പുശ്രമ വഴിയായി എത്രയൊ അവസരങ്ങളിൽ ദൈവം ശരീരസൌഖ്യം കൂടി കൊടുക്കുന്നു. എങ്കിലും ആ കൃപാശയും കൊടുക്കുന്നതിന്നു വീട്ടുകാർ ശ്രമിച്ചില്ല. ഈ സംഗതികൾപറഞ്ഞു പെൺകുട്ടിയെയൊ വീട്ടുകാരെയൊ കുറ്റപ്പെടുത്തുന്നതിനായി ഞാൻ സമയം അശേഷം കളഞ്ഞില്ല. വിവരം അറിഞ്ഞ ഉടനെ തന്നെ ഒടുവിലത്തെ ഒപ്പുശ്രമമായുവേണ്ട വിശുദ്ധ സൈത്തും എടുത്തു രോഗിയുടെ വീട്ടിലേക്കു ബദ്ധപ്പെട്ടുചെന്നു. ഞാൻ വീട്ടിൽചെന്നു കെറിയപ്പൊൾ രോഗി മരിച്ചുഎന്നു വീട്ടുകാർ പറഞ്ഞു. എങ്കിലും ഞാൻ രോഗി കിടന്നി

ന്നു മറിയിൽപ്രവേശിച്ചു. രോഗി അപ്പോൾ പക്ഷെ വാസ്തവത്തിൽ മരിച്ചിട്ടില്ലായിരിക്കാം എന്നുകരുതി സംശയസ്ഥാനത്തു ഒടുവിലത്തെ ഒപ്പുമകൊടുത്തു. ഒരാൾ മരിച്ചുഎന്നു ഉറപ്പായി നിശ്ചയിക്കുന്ന സമയം കഴിഞ്ഞു അരമണിക്കൂർമുതൽ ഒരുമണിക്കൂറിനുള്ളിൽ മാത്രമെ ആത്മാവു ശരീരത്തിൽനിന്നു സാധാരണയായി വേർപെടുകയുള്ളു എന്നാണല്ലൊ വേദപണ്ഡിതന്മാരും (Theologians) ഡോക്ടർമാരും പറയുന്നതു്. എന്തുകൊണ്ടാണ് അതുവരെ സുഖക്കേടിന്റെ വിവരം എന്നെ അറീക്കാതിരുന്നതെന്നു വീട്ടുകാരോടു ചോദിച്ചതിനു രോഗിയോടുള്ള സ്നേഹംനിമിത്തമാണെന്നും, അച്ചനെ വരുത്തിയാൽ മരിച്ചുപോകുമെന്നു രോഗി ഭയപ്പെട്ടെങ്കിലൊ എന്നു വിചാരിച്ചാണെന്നുമാണ് അവർ പറഞ്ഞ സമാധാനം.» ഒരാളോടു നേരെയുള്ള സ്നേഹം പ്രദർശിപ്പിക്കേണ്ടതു് ഇങ്ങിനെയാണൊ? ഇതാ സ്നേഹഭാവംനടിക്കുന്ന ക്രൂരത! ഈ ചെറുപ്പക്കാരൻ ക്ലാശകൾഒന്നും കൈക്കൊള്ളാതെയും തന്റെ വാസ്തവസ്ഥിതി മനസ്സിലാക്കാതെയും അടുത്തുതന്നെ വരാൻപോകുന്നവിധിയെപ്പറ്റി അറിയാതെയും ഇരുന്നതു വീട്ടുകാരുടെ കുറ്റം കൊണ്ടല്ലയൊ? വാസ്തവമായ സ്നേഹമുള്ളവർ ഉടനെ അച്ചനെ അറീക്കയല്ലയൊ വേണ്ടതു. നമുക്കു പ്രീയപ്പെട്ടവർ ക്ലാശകൾ കൈക്കൊള്ളാതെ ബൊധംമറിഞ്ഞുപോകുന്നതിനു അനുവദിക്കാൻ സാക്ഷാലുള്ള സ്നേഹം ഒരിക്കലും സമ്മതിക്കുന്നതല്ല. സുഖക്കേടു കൂടുതലാണെന്നുകണ്ടാൽ വിവരം ഉടനെ അച്ചനെ അറീക്കണ്ടതാണ്. രോഗിയെ ഭയപ്പെടുത്താതിരിക്കത്തക്കവണ്ണം അച്ചൻ വിവേകത്തൊടുകൂടി മാത്രമെ പെരുമാറുകയുള്ളുവെന്നും വിശ്വസിക്കേണ്ടതാണ്.

The Messenyer of the Sacred Heant. (America)
September 1923.

എറണാകുളം മിസ്സത്തിലെ വേദപ്രചാരസംഘം.

—:o:—

മന്ദത. പുത്തനാണ്ടിന്റെ ആരംഭത്തോടുകൂടി വേദപ്രചാരസാഫല്യസംബന്ധമായ കാര്യങ്ങളിൽ ആക്കപ്പാടെ ഒരു മന്ദത സംഭവിച്ചതുപോലെ കാണുന്നു. പുതിയ അംഗങ്ങളെ ചേർത്ത പട്ടികകൾ ഞങ്ങൾക്കു കിട്ടുന്നില്ല. പണപ്പിരിവും വളരെ വളരെ ദുർല്ലഭമായി മാത്രം കിട്ടുന്നു. മനസ്സുതിരിക്കുന്ന കാര്യത്തിൽ ചില സ്ഥലങ്ങളിൽ പ്രത്യേകം ജോലികൾ നടത്തിവരു

ന്നുണ്ടെങ്കിലും എടവകകൾ മൊത്തത്തിൽ നോക്കിയാൽ ഇക്കൊല്ലത്തിലും വലിയ അമാന്തം തന്നെയാണ്. കഴിഞ്ഞകൊല്ലത്തിൽ വേദപ്രചാരം സംബന്ധമായി നടത്തിയ പ്രവൃത്തികളുടെ പൂർണ്ണമായതും ശരിയായതുമായ കിണാക്കുകൾ ഹാജരാക്കുകയും വിവരമായ ഒരു റിപ്പോർട്ടും തയ്യാറാക്കുണമല്ലൊ ഈ റിപ്പോർട്ടും കണക്കുകളും തയ്യാറാക്കേണ്ടാവശ്യത്തിലേക്കായിട്ടാണ് ചില ചോദ്യങ്ങൾ ഞങ്ങൾ അച്ചടിപ്പിച്ചു എല്ലാ പള്ളികളിലേക്കും അയച്ചതു്. ഒട്ടുമിക്ക പള്ളികളിൽനിന്നും അച്ചടിച്ച ചോദ്യങ്ങൾ ചെന്നപ്പോൾതന്നെ മറുപടി അയച്ചുതന്നു. ഇതേപ്പററി ഓർമ്മപ്പെടുത്തിയപ്പോൾ മറുപടികൾ ചില സ്ഥലങ്ങളിൽനിന്നു ലഭിച്ചു. രണ്ടാമതു ഓർമ്മപ്പെടുത്തിയപ്പോൾ കുറെ സ്ഥലങ്ങളിൽനിന്നുകൂടി മറുപടികൾ കിട്ടി. ഇനിയും കുറച്ചു തീരെ കുറച്ചു പള്ളികളിൽനിന്നും മറുപടികൾ കിട്ടിയിട്ടില്ല. ഇതു കണ്ടാലെങ്കിലും ഞങ്ങൾ അയച്ചുകൊടുത്ത ചോദ്യങ്ങളുടെ മറുപടികൾ ഇനിയും അയച്ചുതന്നിട്ടില്ലാത്തവർ കഴിയുന്നതുംവേഗത്തിൽ എത്തിച്ചുതരണമെന്നു അപേക്ഷിച്ചുകൊള്ളുന്നു.

ശാഖാസംഘങ്ങളും ഞായറാഴ്ചപിരിവും. വേദപ്രചാരസംഘം ഈമിസ്സത്തിൽ ഏർപ്പെടുത്തിയിട്ടു ഫർമാ അവസാനത്തോടുകൂടി രണ്ടു മാസങ്ങൾ കഴിഞ്ഞു എന്നു എല്ലാവർക്കും അറിയാവുന്നതാണല്ലൊ. ഇതിന്നിടയൽ. ഒട്ടുമിക്ക പള്ളികളിലും ശാഖാസംഘങ്ങൾ സ്ഥാപിച്ചു. അതുപോലെതന്നെ അധികം പള്ളികളിലും ഞായറാഴ്ചപിരിവും ഏർപ്പെടുത്തീട്ടുണ്ട്. ചില പള്ളികളിൽ എങ്കിലും ഇപ്പഴും ശാഖാസംഘം സ്ഥാപിച്ചിട്ടില്ലെന്നുള്ള വിവരം പലർക്കും പക്ഷെ അത്ഭുതകരമായി തോന്നുമായിരിക്കാം. എങ്കിലും വാസ്തവം ഞങ്ങൾ മറച്ചുവെക്കുന്നില്ല. ശാഖാസംഘങ്ങളെ ഇനിയും ചില പള്ളികളിൽകൂടി സ്ഥാപിക്കേണ്ടതായി ഉണ്ട്. ഞായറാഴ്ചപിരിവു ഏർപ്പെടുത്തേണ്ട പള്ളികൾ അതിൽ അല്പംകൂടി കൂടുതൽ കണ്ടേക്കാം. ചില സ്ഥലങ്ങളിൽ ശാഖ പേരിന്നുമാത്രമെ സ്ഥാപിച്ചിട്ടുള്ളു. സംഘം സ്ഥാപിക്കുന്നതിന്നു മറു സ്ഥലങ്ങളെ അപേക്ഷിച്ചു ആദ്യമായി ഉത്സാഹിച്ച ചില സ്ഥലങ്ങളിൽനിന്നു പണം അയച്ചു ഒരു അംഗത്തിന്റെ എങ്കിലും സാക്ഷിപത്രം വാങ്ങാത്ത സ്ഥലങ്ങളും ചിലതുണ്ട്. ഈ പള്ളികളിൽ ശാഖാസംഘം സ്ഥാപിച്ച കാലം ആണ്ടവസാനറിപ്പോർട്ടിൽ കാണിക്കും. ഒരു കൊല്ലത്തോളം കാലം കഴിഞ്ഞിട്ടും ഒരു അംഗമെങ്കിലും ഒരണ കൊടുത്തു സാക്ഷിപത്രം വാങ്ങിച്ചിട്ടില്ലെന്നു ആ റിപ്പോർട്ടിൽനിന്നും അറിയുമ്പോൾ ഇങ്ങിനെയുള്ള സ്ഥലത്തുള്ളവർ എങ്ങിനെ സമാധാനപ്പെടുമെന്നു ഞങ്ങൾക്കറിവില്ല. മറു ചില സ്ഥലങ്ങളിൽനിന്നു വളരെപേർ ആദ്യത്തെ പണമടച്ചു സാക്ഷിപത്രങ്ങൾ വാ

ങ്ങിച്ചിട്ടുണ്ട്. എങ്കിലും പിന്നെയുള്ള മാനസന്തോറുമുള്ള പണസഹായം പിരിച്ചുകൊടുക്കുന്നതിൽ വലിയ ഉപേക്ഷ കാണിച്ചിരിക്കുന്നതിൽ ഞങ്ങൾ അത്യന്തം വ്യസനിക്കുന്നു. ആദ്യം അല്പം ഉത്സാഹം കാണിച്ചതുകൊണ്ടുമാത്രം ഓരോർക്കു ഒരു പ്രവൃത്തിയിൽ പ്രത്യേകം താല്പര്യമുണ്ടെന്നു വരുന്നില്ല. ആദ്യകാലങ്ങളിൽ കാണിച്ചതുപോലെയുള്ള ശ്രദ്ധാതിമേലിലും കാണിച്ചുകൊണ്ടിരുന്നാൽ മാത്രമെ ഓരോർക്കു ആ ജോലിയിൽ പ്രത്യേകം താല്പര്യം ഉണ്ടെന്നു വരികയുള്ളു. കഴിഞ്ഞകൊല്ലത്തിൽതന്നെ പണപ്പിരിവിന്റെ കാര്യത്തിൽ നമ്മുടെ പ്രവൃത്തി വിജയകരമായിരുന്നു എന്നു ഒരുവിധത്തിലും പറയാൻ പാടില്ലെന്നാണ് ഞങ്ങൾക്കു തോന്നുന്നതു. എന്നാൽ മാനസാന്തരപ്പെട്ടവരുടെ സംഖ്യ നമ്മുടെ ആശയിൽ കവിഞ്ഞ കൂട്ടതലായി കാണപ്പെട്ടിരിക്കുന്നതിനാൽ നാം ദൈവത്തോടു പ്രത്യേകം ഉപകാരസ്മരണ പറയേണ്ടിയിരിക്കുന്നു. മൻകാലങ്ങളിൽ മാനസാന്തര കാര്യത്തിൽ നാം വലിയതായൊന്നും പ്രവൃത്തിച്ചിരുന്നു എന്നു പറയാൻ നിവൃത്തിയില്ല. അതിനാൽ ആദ്യമായി നാം ഈ ജോലി ഉത്സാഹപൂർവം തുടങ്ങീരിക്കുന്നതുകൊണ്ടു ദൈവം പ്രസാദിച്ചു നല്ല ഫലങ്ങളും നൽകിയിരിക്കുന്നു. മേലിലും നാം പ്രവൃത്തി ശരിയായി നടത്തിക്കൊണ്ടിരിക്കയാണെങ്കിൽ കഴിഞ്ഞകൊല്ലത്തെപ്പോലെയൊ അതിൽ കൂട്ടതലായൊ ഉള്ള ഫലങ്ങൾ ആശിക്കാവുന്നതാണ്. നാം എല്ലാവരും ഒരു സംഗതികൂടി നല്ലപോലെ എപ്പോഴും ഓർത്തിരിക്കേണ്ടതാണ്. മലയാളത്തിലുള്ള സുറിയാനി മിസ്സങ്ങളിൽ എറണാകുളത്താണ് വേദപ്രചാരസംഘം ആദ്യമായി സ്ഥാപിക്കപ്പെട്ടതും മാനസാന്തര ജോലികൾ ആ സംഘത്തിന്റെ കീഴായി കൂമീകരിച്ചു നടത്തപ്പെട്ടു തുടങ്ങിയതും. നമ്മുടെ സംഘത്തെപ്പറ്റിയും അതിന്റെ പ്രവൃത്തികളെപ്പറ്റിയും അവ പക്ഷെ അർഹിക്കുന്നതിൽ കൂട്ടതലായ നല്ലപേരാണ് പുറമെയുള്ളതു. നമ്മുടെ സഭ സ്ഥാപിച്ചതിന്നുശേഷം അതിനെ അനേകരിച്ചും അതിലെ നിയമങ്ങൾതന്നെ തങ്ങളുടെ സംഘത്തിന്റെ നിയമമായും ഒരു വേദപ്രചാരസംഘം നമ്മുടെ അയൽ മിസ്സങ്ങളിൽ ഒന്നിൽ സ്ഥാപിച്ചിട്ടുണ്ട്. വേറെ ഒരു മിസ്സത്തിൽകൂടി ഇപ്പോലെയുള്ള ഒരു സംഘം രൂപീകരിക്കുന്നതിനായി ആലോചനകൾ നടന്നുവരുന്നതായി അറിയുന്നു. ഈ സംഗതികൾ കാരണം നമുക്കു ഒരു പ്രത്യേക ഉത്തരവാദത്വം കൂടിയുണ്ട്. നമ്മുടെ ജോലി ഭംഗിയായും വിജയകരമായും മുന്നോട്ട കൊണ്ടുപോകുന്നതായാൽ മറ്റുള്ളവക്കും അതു ഉത്സാഹജനകമായി തീരുന്നതാണ്. നേരെമറിച്ചു നമ്മുടെ ജോലി ആരംഭശൂരത്വത്തിൽ മാത്രം അവസാനിച്ചാൽ മറ്റുള്ളവക്കുകൂടി വേദപ്രചാരവേലയിൽ ഒരുപക്ഷെ താല്പര്യം കുറഞ്ഞുപോകുന്നതിനു

ഇടവന്നേക്കാം.

പണസഹായം മാസംതോറും പിരിക്കുന്നതിനുള്ള ഒരു മാർഗ്ഗം.

മാസംതോറും ഓരോ അംഗങ്ങളിൽനിന്നും കിട്ടേണ്ട ന്യൂനപക്ഷം മുടങ്ങാതെ പിരിക്കുക എന്നുള്ളതു വളരെ ശ്രമസാദ്ധ്യമായ ഒരു സംഗതിയാണെന്നു ഞങ്ങൾക്കു നല്ലപോലെ അറിയാം. മാസംതോറും പിരിക്കാതെ സംഖ്യ കൂട്ടുമ്പോൾ ആവശ്യപ്പെടുന്നതു പലർക്കും ബുദ്ധിമുട്ടായി തോന്നുന്നതാണ്. ബ. വികാരിഅച്ചന്മാർ ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിച്ചിരിക്കുകയും ഇടക്കിടക്കു ഈ പിരിവിന്റെ കാര്യം ജനങ്ങളെ ഓർപ്പിക്കുകയും ചെയ്തില്ലെങ്കിൽ നിശ്ചയമായും പിരിവു് ശരിയായി കിട്ടുന്നതല്ല. നമ്മുടെ ഇടവകകളിൽ ഉള്ള ശാഖാസംഘങ്ങളുടെ നിർവ്വാഹകസംഘത്തിലെ അംഗങ്ങൾ എല്ലാംതന്നെ പുരുഷന്മാരാണ്. പണം പിരിക്കുന്ന മുമതല സാധാരണ സെക്രട്ടരിമാരെ ആയിരിക്കും മുമതലപ്പെടുത്തീരിക്കുന്നതു്. ചില സ്ഥലങ്ങളിൽ പണം പിരിക്കുന്നതിന്നായി ചില്ലറ കമ്മീഷ്യൻകൊടുത്തു ഏജൻറുമാരെയും ഏർപ്പെടുത്തിയിട്ടുള്ളതായി ഞങ്ങൾ കേട്ടിട്ടുണ്ടു്. എന്നാൽ പണപ്പിരിവിന്റെ കാര്യത്തിൽ ഭക്തിയുള്ള സ്ത്രീജനങ്ങളുടെ സഹായം ശാഖാസംഘക്കാർ ആവശ്യപ്പെടുന്നതു് വലിയ പ്രയോജനകരമായിരിക്കുമെന്നു ഞങ്ങൾക്കു തോന്നുന്നു. ഏതെങ്കിലും ഒരു സ്ത്രീയെ അവരുടെ പണസഹായവും അവരുടെ അടുത്തുള്ള പത്തു വീടുകളിൽനിന്നും കിട്ടാനുള്ള പണസഹായവും മാസംതോറും പിരിച്ചു ബ. വികാരിഅച്ചനെ ഏല്പിക്കുന്നതിനു ഏർപ്പാടുചെയ്താൽ പണപിരിവു ഇപ്പോഴത്തേതിൽ വളരെ കൂടുതലായി നടക്കുമെന്നുള്ളതിനു സംശയമില്ല. ഓരോ വീടുകളിൽ ഓരോ അംഗങ്ങൾ മാത്രം ചേർന്നിട്ടുള്ളൂഎങ്കിൽ അവരുടെതുകൂടി ഒരു ണ മാത്രമല്ലെ ഒരു സ്ത്രീ പിരിച്ചു ഏല്പിക്കേണ്ടതുള്ളൂ. പുരുഷന്മാരാണു അംഗങ്ങളായി ചേർന്നിട്ടുള്ളതെങ്കിൽ അവർ കൊടുക്കേണ്ട പണസഹായവും അയാളുടെ ഭാര്യയിൽനിന്നു ഈ സ്ത്രീക്കു വാങ്ങാവുന്നതാണല്ലൊ. ഇങ്ങിനെ ഒരു ഏർപ്പാടു ശാഖാസംഘക്കാർ നടപ്പിലാക്കിയാൽ കൊള്ളാമെന്നു തോന്നുന്നു. ലിയൊൺസ്സിൽ സ്ഥാപിച്ച വേദപ്രചാരസംഘത്തിന്റെ പിരിവു ഇങ്ങിനെയാണല്ലൊ നടത്തീരുന്നതും ഇപ്പോൾ നടത്തുന്നതും. ഇതുപോലെ ഏർപ്പാടുചെയ്തിട്ടുള്ള ഒരു ഇടവക വരാപ്പുഴ അതിരൂപതയിൽ ഉള്ളവിവരം ഞങ്ങൾക്കറിയാം. സ്ത്രീകളുടെസഹായത്തോടുകൂടി ആ ഇടവകയിലെ ധർമ്മസഹായം ഒരുവിധം ഭംഗിയായി നടക്കുന്നുണ്ടെന്നു അവിടത്തെ ബ. വികാരിഅച്ചൻതന്നെ ഞങ്ങളോടുപറഞ്ഞിട്ടുണ്ടു.

ഈ ആണ്ടത്തെ പ്രവൃത്തികൾ. എന്തായാലും ഇപ്പോഴത്തെ മന്ദത എല്ലാ വരും ഒന്നു മാറിവെക്കാതെവിടുത്തിയില്ല. ഉയർപ്പിന്റെ പെരുന്നാളൊട്ടു കൂടി എല്ലാ ഇടവകകളിലും വേദപ്രചാരസംഘം സംബന്ധമായി ഓരോ ഇടവകക്കാർക്കും പാടുള്ള ജോലികൾഎല്ലാം തുടങ്ങേണ്ടതാണെന്നാണു നമ്മുടെ വന്ദ്യപിതാവിന്റെ ആഗ്രഹം. എല്ലാവരും ഒത്തൊരുമിച്ചു പ്രവൃത്തിക്കുന്നതായാൽ ഇക്കൊല്ലം കഴിഞ്ഞകൊല്ലത്തെക്കാൾ ഫലം നൽകുമെന്നുള്ളതിനു സംശയമില്ല. പുലയരെയും മറ്റും മനസ്സുതിരിക്കുന്നതിൽ കത്തോലിക്കർക്കു സാധാരണയായി ഉണ്ടായിരുന്ന വിരോധാഭിപ്രായം ഈ ജോലിനടത്തി ഫലംകണ്ടിട്ടുള്ള സ്ഥലങ്ങളിൽ ഉള്ളവരിൽനിന്നും തീരെ മാറിപ്പോകുന്നു എന്നുമാത്രമല്ല അവിടെയുള്ളവർ ഈ വക കാര്യങ്ങളിൽ വളരെ വളരെ ഉത്സാഹമുള്ളവരായിരിക്കുകയും ചെയ്യുന്നുണ്ട്. ബ. വികാരിഅച്ചന്മാർക്കു അവരാൽ പാടുള്ള സഹായങ്ങൾ എല്ലാം ചെയ്തുകൊടുക്കുന്നു. ചിലസ്ഥലങ്ങൾ മാനസാന്തരത്തിനു സൌകര്യമുള്ളതല്ലെന്നു നാം വിചാരിക്കുന്നുണ്ട്. ഈ അഭിപ്രായം ശരിയായിട്ടുള്ളതാണൊയെന്നു ഞങ്ങൾക്കു ബലമായ സംശയമുണ്ട്. ഒരുവിധത്തിലും മാനസാന്തരത്തിനു സൌകര്യമുള്ളതാണെന്നു തോന്നാത്ത ഒരു സ്ഥലത്തുചെന്നു നമ്മുടെ ഒരു ഉപദേശി ജോലി ചെയ്തുവരുന്നുണ്ട്. ഉപദേശിയെ പരീക്ഷാർത്ഥമായി മാത്രം ആദ്യം അയച്ചുനോക്കിയതാണ്. ഉപദേശി പ്രവൃത്തി നടത്തിത്തുടങ്ങീട്ടു അധികം ദിവസങ്ങൾ ആയിട്ടില്ല. എങ്കിലും ദൈവസഹായത്താൽ നല്ല ഫലം കാണുമെന്നു ഞങ്ങൾ ഇപ്പോൾ വിചാരിക്കുന്നു. അതുകൊണ്ടു ഒരു സ്ഥലവും വേദപ്രചാരവേലക്കു പറ്റിയതല്ലെന്നു പറഞ്ഞു ഒന്നും പ്രവൃത്തിക്കാതിരിക്കരുതെന്നു പ്രത്യേകം അപേക്ഷിച്ചുകൊള്ളുന്നു.

പ്രത്യേകസാമാജികന്മാരും ശാശ്വതസാമാജികന്മാരും:

കുറച്ചുപേർ (ബ. പട്ടക്കാരിലും അത്മേനികളിലും) ശാശ്വതസാമാജികന്മാരായി ചേർന്നിട്ടുണ്ട്. ഇവരുടെ എണ്ണം ഇക്കൊല്ലത്തിൽ കഴിഞ്ഞകൊല്ലത്തെക്കാൾ കൂടുതൽ ഉണ്ടാകുമെന്നു ശരണപ്പെടുന്നു. പ്രത്യേകസാമാജികന്മാരുടെ സംഗതി പറയുമ്പോൾ ഇനിയും കുറെ ബ. അച്ചന്മാർ പ്രത്യേകസാമാജികന്മാരായി ചേരുന്നതിനുണ്ടെന്നു വ്യസനസമേതം പറയാതിരിപ്പാൻ നിവൃത്തിയില്ല. മാസംതോറും എട്ടണ കൊടുത്തു സംഘത്തിൽ ചേരാൻ സാധിക്കാത്തതായി യാതൊരു വൈദികരും ഇല്ലല്ലൊ. ഒരു ഇടവകയുടെ ബ. വികാരി അച്ചൻ സംഘത്തിലെ അംഗമല്ലെങ്കിൽ വിശ്വാസികൾ ആ സംഘത്തിൽ ചേരാതിരുന്നാൽ ഒട്ടും അത്ഭുതപ്പെടാനില്ല. ബ.

വൈദികരാണല്ലൊ ജനങ്ങൾക്കു മാതൃക കാണിച്ചുകൊടുക്കേണ്ടതു്. ചെന്ന ഖ. വൈദികരുടെ പേരു് ആണ്ടവസാനത്തെ റിപ്പോട്ടിൽ കാണിക്കുന്നതാണ്.

എറണാകുളം,
൨൰൯൰൨൯.

സെക്രട്ടരിമാർ.

ഇവിടെ വില്പാനുള്ള പുസ്തകങ്ങൾ.

—:o:—

ആത്മസ്ഥിതി പുസ്തകം.
പുതിയ രീതിയിലുള്ള മാമ്മോദീസാ റജിസ്റ്റർ.
ഖ. വൈദീകരുടെ പത്തുദിവസത്തെ ധ്യാനം. ണ. ഛ൹.
അനുദിനഭോജനം. ണ. ന൹
വിശുദ്ധ മറിയം ദൈവത്തിന്റെ അമ്മയാണു്. ണ. ൨. പ. ന൹

PRINTED AND PUBLISHED BY
REV. BRO. FRANCIS AT THE MAR LOUIS MEMORIAL PRESS,
ERNAKULAM